DESPATCHED 25/05/2020

26. 2. 20.


# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം-695 001

Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920

Email: sic@kerala.nic.in


ഹർജി നമ്പർ **AP 865(6)/2015/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.5389/SIC-Gen5/2015**

സന്നിഹിതൻ

ശ്രീ. വിൻസൻ എം.പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

ശ്രീ. അബ്ദുള്ളക്കുട്ടി സി.പി
ചോലക്കാപറമ്പിൽ വീട്,
വെളിയംതോട്, ചന്തക്കുന്ന് പി.ഒ.,
നിലമ്പൂർ, മലപ്പുറം - 679 329. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
റീസർവ്വെ സൂപ്രണ്ട്,
റീസർവ്വെ സൂപ്രണ്ടിന്റെ കാര്യാലയം,
നിലമ്പൂർ, മലപ്പുറം.

2. അപ്പീൽ അധികാരി &
അസിസ്റ്റന്റ് ഡയറക്ടർ,
റീസർവ്വെ അസിസ്റ്റന്റ് ഡയറക്ടറുടെ
കാര്യാലയം, മലപ്പുറം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 7.1.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 2.2.2015 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 18.2.2015 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 7.3.2015 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 4.4.2015 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 8.4.2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 5.5.2015 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 21.5.2015 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 26.2.2020, വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, മലപ്പുറം. |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായില്ല.<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. അബ്ദുള്ളക്കുട്ടി സി.പി. കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ ആവശ്യപ്പെട്ട പൂർണ്ണ വിവരങ്ങൾ ലഭിച്ചില്ലെന്നും വിവരാവകാശ നിയമം 8(1)(ജെ)

പ്രകാരം ടിയാൻ ആവശ്യപ്പെട്ട രേഖ നൽകാനാവില്ല എന്നാണ് അറിയിച്ചത് എന്നും ആയത് വിവരാവകാശ നിയമ പ്രകാരം അംഗീകരിക്കത്തക്കതല്ല എന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ്:

i. നിലമ്പൂർ താലൂക്ക് ഓഫീസിൽ നിലവിൽ ഹെഡ് സർവ്വെയർ ആയി സേവനം അനുഷ്ഠിക്കുന്ന ശ്രീ. പി.സനൽകുമാർ എന്നു മുതലാണ് മേൽപ്പടി ഓഫീസിൽ ജോലി ചെയ്തു വരുന്നത് എന്നും

ii. ടിയാൻ 2013, 2014 വർഷങ്ങളിൽ ഹാജരാക്കിയ പ്രോപ്പർട്ടി സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് നൽകണമെന്നും

iii. ടിയാൻ നിലമ്പൂർ താലൂക്ക് ഓഫീസിന് കീഴിൽ ഏതെങ്കിലും വില്ലേജിൽ 2013, 2014 വർഷങ്ങളിൽ സ്ഥാവര വസ്തുക്കൾ ആർജിച്ചിട്ടുണ്ടോ എന്നും മറ്റുമായി 6 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാന്റെ അപേക്ഷയിലെ രണ്ടാം ഇനത്തിൽ ആവശ്യപ്പെട്ട വിവരം ടിയാന് നൽകേണ്ടതാണെന്നും 6-ാം ഇനത്തിൽ ആവശ്യപ്പെട്ട ശ്രീ. സനൽകുമാറിന്റെ സർവ്വീസ് ബുക്ക് ലഭ്യമല്ലെങ്കിൽ ആയത് ലഭ്യമായ ഓഫീസിലേക്ക് ടിയാന്റെ അപേക്ഷ കൈമാറേണ്ടതാണെന്നും മറ്റുമാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിലെ രണ്ടാം ഇനത്തിൽ ആവശ്യപ്പെട്ട രേഖ വ്യക്തിപരമായ വിവരം ആണെന്നും ആയതിന്റെ വെളിപ്പെടുത്തൽ ബന്ധപ്പെട്ട വ്യക്തിയുടെ സ്വകാര്യതയിലേക്കുള്ള കടന്നുകയറ്റമാണെന്നും ആയതിനാൽ അത് വെളിപ്പെടുത്തേണ്ടതില്ലെന്നുമാണ്. 6-ാം ഇനത്തിൽ ആവശ്യപ്പെട്ട വിവരങ്ങൾ ഹർജിക്കാരന് നൽകിയിട്ടുള്ളതായും കാണുന്നു.

3. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ കമ്മീഷൻ മുമ്പാകെയുള്ള ആക്ഷേപം ടിയാന്റെ അപേക്ഷയിലെ രണ്ടാം ഇനം സംബന്ധിച്ച് നൽകിയിട്ടുള്ള മറുപടി സംബന്ധിച്ച് ആണെന്നു കാണുന്നു. മേൽപ്പടി ഇനത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് ശ്രീ. സനൽകുമാറിന്റെ 2013, 2014 വർഷങ്ങളിലെ പ്രോപ്പർട്ടി സ്റ്റേറ്റ്മെന്റിന്റെ പകർപ്പിനാണ്. ആയത് സംബന്ധിച്ച് എതിർകക്ഷികൾ ഹർജിക്കാരന് നൽകിയ മറുപടികൾ നിയമാനുസൃതമാണെന്നു

കമ്മീഷൻ വിലയിരുത്തുന്നു. മേൽപ്പടി ഇനത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്നത് വ്യക്തിഗത വിവരമാണെന്നും ആയതിന്റെ വെളിപ്പെടുത്തൽ സാധൂകരിക്കുന്ന കൂടുതലായുള്ള പൊതു താത്പര്യമൊന്നും ടിയാന്റെ അപേക്ഷയിൽ ചൂണ്ടിക്കാട്ടിയിരുന്നില്ലെന്നും കാണുന്നു. ആയതിനാൽ മേൽപ്പടി വിവരം ഹർജിക്കാരന് നിരസിച്ചതിൽ കമ്മീഷൻ അപാകത ഒന്നും കാണുന്നില്ല.

4. മേൽ പ്രസാതവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ, ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 ഫെബ്രുവരി 26-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്

വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

bnk